നം.ഇ.എക്സ്.എ1/995/2023/സിജിഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം തീയതി.**25/09/2024**
E-mail: cgeasection@gmail.com

## **സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം- പരീക്ഷാഭവൻ - പൊതു പരീക്ഷകൾ - 2025 എസ്.എസ്.എൽ.സി, പത്താംതരം തുല്യതാ, ടി.എച്ച്.എസ്.എൽ.സി, എ.എച്ച്.എസ്.എൽ.സി ചോദ്യപേപ്പർ നിർമ്മാണം/മൊഴിമാറ്റം (തമിഴ്, കന്നട) - യോഗ്യരായ ഹൈസ്കൂൾ അധ്യാപകരിൽ നിന്നും ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 10/09/2024 തീയതിയിലെ എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ പിഎ/3022/2024/എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരണങ്ങളുടെ ഭാഗമായി മൂല്യനിർണ്ണയവും പരിഷ്കരിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ആയതിനാൽ 2025 എസ്.എസ്.എൽ.സി, പത്താംതരം തുല്യതാ, ടി.എച്ച്.എസ്.എൽ.സി, എ.എച്ച്.എസ്.എൽ.സി എന്നീ പൊതുപരീക്ഷകൾക്ക് ചോദ്യപേപ്പർ തയ്യാറാക്കുന്നതിനും മൊഴിമാറ്റം (തമിഴ്, കന്നട) നടത്തുന്നതിനും അധ്യാപകരുടെ പാനൽ തയ്യാറാക്കേണ്ടതുണ്ട്. സംസ്ഥാനത്തെ ഹൈസ്കൂൾ വിഭാഗത്തിലെ കഴിവും താല്പര്യവും ഉള്ള പരിചയ സമ്പന്നരായ അധ്യാപകരിൽ നിന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.

താഴെ പറയുന്ന യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതായിരിക്കും.

1. കുറഞ്ഞത് 10 വർഷത്തെ ഹൈസ്കൂൾ അധ്യാപന പരിചയം ഉണ്ടായിരിക്കണം
2. പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ, പാഠപുസ്തക രചന, അധ്യാപക പരിശീലന പ്രവർത്തനങ്ങളിലെ സംസ്ഥാനതല നേതൃത്വം നൽകിയവർ എന്നിവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
3. 2025 ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ പങ്കെടുക്കുന്ന മക്കളോ, അടുത്ത ബന്ധുക്കളോ ഉള്ള അധ്യാപകരും, ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ നിന്നും വിലക്കിയിട്ടുള്ള അധ്യാപകരും, അച്ചടക്ക നടപടികൾ നേരിട്ടിട്ടുള്ളവരും അപേക്ഷിക്കേണ്ടതില്ല.
4. അപേക്ഷ സമർപ്പിച്ചു എന്നതുകൊണ്ട് ചോദ്യപേപ്പർ നിർമ്മാണം/മൊഴിമാറ്റം എന്നിവയിൽ പങ്കെടുക്കുവാനുള്ള യോഗ്യതയായി പരിഗണിക്കുന്നതല്ല.
5. പാനലിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഏതെങ്കിലും തരത്തിൽ ശുപാർശ ചെയ്യുന്നത് അയോഗ്യതയായി കണക്കാക്കും.

അപേക്ഷ സമർപ്പിച്ച അധ്യാപകരിൽ നിന്നും എസ്.സി.ഇ.ആർ.ടി, പരീക്ഷാഭവൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന സംസ്ഥാനതല ശില്പശാലയിൽ കഴിവ് തെളിയിക്കുന്നവരെ മാത്രമേ ചോദ്യപേപ്പർ നിർമ്മാണത്തിൽ പങ്കാളികളാക്കുകയുള്ളു.

അപേക്ഷകൾ ഓൺലൈനായി **iExaMS** പോർട്ടലിൽ സ്കൂൾ മേധാവി മുഖേന സമർപ്പിക്കാവുന്നതാണ്.

**സെക്രട്ടറി**

## ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ

യോഗ്യരായ അധ്യാപകർ **iExaMS** പോർട്ടലിൽ ലഭ്യമായ നിശ്ചിത മാതൃകയിലുള്ള അപേക്ഷ സ്കൂൾ മേധാവിക്ക് നൽകേണ്ടതാണ്.

1. സ്കൂൾ മേധാവി iExaMS പോർട്ടൽ വഴി ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ച് Entry വരുത്തേണ്ടതാണ്.
2. അപേക്ഷകരുടെ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം സ്കൂൾ മേധാവി iExaMS പോർട്ടലിലെ അപേക്ഷ സമർപ്പണ പേജിലുള്ള ഫൈനൽ സബ്മിഷൻ ബട്ടൺ ക്ലിക്ക് ചെയ്ത് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അന്തിമ സമർപ്പണം നടത്തണം.
3. എല്ലാ അപേക്ഷകളുടെയും അന്തിമ സമർപ്പണത്തിനുശേഷം സ്കൂൾ മേധാവി വെരിഫൈ ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ട് ജനറേറ്റ് ചെയ്യപ്പെടും.
4. അപേക്ഷിക്കുവാൻ താല്പര്യം പ്രകടിപ്പിക്കുന്ന എല്ലാ അധ്യാപകരുടെയും വിവരങ്ങൾ എന്റർ ചെയ്തതിനുശേഷം മാത്രമേ അന്തിമ സമർപ്പണം നടത്തുവാൻ പാടുള്ളു.
5. അന്തിമ സമർപ്പണത്തിനുശേഷം എഡിറ്റിംഗ് അനുവദിക്കുന്നതല്ല.
6. ഏതെങ്കിലും അധ്യാപകർ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടാൽ അവരുടെ തെരഞ്ഞെടുപ്പ് ഉടൻ റദ്ദാക്കുകയും തെറ്റായ വിവരങ്ങൾ നൽകിയ സ്കൂൾ മേധാവിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്യും.

### ജില്ലാ വിദ്യാഭ്യാസ ഓഫീസർ തലത്തിൽ ചെയ്യേണ്ട കാര്യങ്ങൾ:

1. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ലോഗിൻ ചെയ്ത് മെനുവിൽ നിന്ന് Question Paper – Teachers Data Collection സെലക്ട് ചെയ്യുമ്പോൾ പ്രസ്തുത വിദ്യാഭ്യാസ ജില്ലയുടെ കീഴിലുള്ള അധ്യാപകരുടെ വിവരങ്ങൾ ലിസ്റ്റ് ചെയ്ത് കാണിക്കുന്നതാണ്.
2. സ്കൂൾ മേധാവി എച്ച്.എം ലോഗിനിൽ താൽപര്യം ഉള്ള എല്ലാ അധ്യാപകരുടേയും വിവരങ്ങൾ എന്റർ ചെയ്ത ശേഷം Teachers data final confirmation ചെയ്ത് കഴിഞ്ഞാൽ മാത്രമാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ലോഗിനിൽ ലിസ്റ്റ് ലഭ്യമാവുകയുള്ളൂ.
3. ഓരോ അധ്യാപകരുടെയും ഡേറ്റ പരിശോധിച്ച് ശരിയാണെങ്കിൽ മാത്രം forward/ Reject സെലക്ട് ബോക്സിൽ നിന്നും forward to PB choose ചെയ്യുക.
4. അധ്യാപകരുടെ ഡേറ്റ തെറ്റാണെങ്കിൽ Reject ചെയ്യാവുന്നതാണ്. Reject ചെയ്യുന്ന കാരണം വ്യക്തമായി നൽകേണ്ടതാണ്.
5. ലിസ്റ്റ് ചെയ്തിട്ടുള്ള അധ്യാപകരുടെ റിമാർക്സ് കോളം സെലക്ട് ചെയ്ത് സേവ് ചെയ്യാവുന്നതാണ്. സേവ് ചെയ്ത് കഴിഞ്ഞാൽ Data Editable ആയിരിക്കുന്നതല്ല.

- ***25.09.2024 മുതൽ 03.10.2024 വൈകുന്നേരം 5 മണി വരെ എച്ച്.എം ലോഗിൻ മുഖാന്തിരം അധ്യാപകരുടെ വിവരങ്ങൾ iExaMS പോർട്ടൽ മുഖാന്തിരം സമർപ്പിക്കാവുന്നതാണ്.***
- ***04.10.2024 മുതൽ 07.10.2024 വൈകുന്നേരം 5 മണി വരെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തങ്ങളുടെ ലോഗിനിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഫൈനൽ കൺഫർമേഷൻ നടത്തേണ്ടതാണ്.***

**<u>എസ്.എസ്.എൽ.സി, പത്താംതരം തുല്യതാ, ടി.എച്ച്.എസ്.എൽ.സി,</u>**

**<u>എ.എച്ച്.എസ്.എൽ.സി ചോദ്യപേപ്പർ നിർമ്മാണം/മൊഴിമാറ്റം (തമിഴ്, കന്നട)</u>**

**<u>എന്നിവയുടെ പാനലിലേയ്ക്കുള്ള അപേക്ഷാ ഫോം.</u>**

| | | | |
|---|---|---|---|
| 1. | അപേക്ഷകന്റെ/അപേക്ഷകയുടെ പേര്<br>(പെൻ നമ്പർ സഹിതം) | : | |
| 2. | തസ്തിക / വിഷയം | : | |
| 3. | ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ മേൽ വിലാസവും ഇമെയിൽ അഡ്രസ്സും | : | |
| 4. | താമസ വിലാസം | : | |
| 5. | മൊബൈൽ നമ്പർ & ഇമെയിൽ ഐ.ഡി | : | |
| 6. | പ്രവൃത്തി പരിചയം (ഹൈസ്കൂൾ)<br>(30.09.2024 വരെ) | : | |
| 7. | സർവ്വീസിൽ നിന്നും വിരമിക്കുന്ന തീയതി | : | |
| 8. | വിദ്യാഭ്യാസ യോഗ്യതകൾ | : | |
| 9. | പാഠ്യപദ്ധതി പരിഷ്കരണം/ അധ്യാപക പരിശീലനം എന്നിവയിലുള്ള പരിചയം | : | |
| 10. | a)ചോദ്യപേപ്പർ / മൊഴിമാറ്റം തയ്യാറാക്കുന്നതിൽ പങ്കെടുത്തിട്ടുണ്ടോ ?<br>ഉണ്ടെങ്കിൽ വിശാദാംശങ്ങൾ | : | |
| 11. | a) ചോദ്യപേപ്പർ തയ്യാറാക്കുന്നവരുടെ പാനലിൽ നിന്ന് മുമ്പ് ഒഴിവാക്കപ്പെട്ടിട്ടുണ്ടോ? | : | |
| | b) വിശദാംശങ്ങൾ ലഭ്യമാക്കുക. | : | |

a) അച്ചടക്ക നടപടികൾ നേരിടുന്നുണ്ടോ? :

12.

b) വിശദാംശങ്ങൾ ലഭ്യമാക്കുക. :

a) പൊതുപരീക്ഷാ സംബന്ധിയായി എന്തെങ്കിലും നടപടികൾക്ക് വിധേയനായിട്ടുണ്ടോ ? :

13.

b) വിശദാംശങ്ങൾ ലഭ്യമാക്കുക. :

മുകളിൽ നൽകിയിട്ടുള്ള വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യസന്ധമാണെന്നും സർവ്വീസ് കാലയളവിൽ എനിക്കെതിരെ പരീക്ഷാ സംബന്ധിയായോ അല്ലാതെയോ അച്ചടക്ക നടപടികൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ലായെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ഒപ്പ്:
തീയതി: പേര്: